# സെന്റ് ആൻസ്. എച്ച്. എസ്. കോട്ടപ്പുറം



# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ്. ആൻസ്. എച്ച്. എസ്. കോട്ടപ്പുറം |
| സ്കൂൾ കോഡ് | : | 23015 |
| ഉപജില്ല | : | കൊടുങ്ങല്ലൂർ |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| ബി. ആർ. സി | : | കൊടുങ്ങല്ലൂർ |
| നിയമസഭാ മണ്ഡലം | : | ചാലക്കുടി |
| മുൻസിപ്പാലിറ്റി | : | കൊടുങ്ങല്ലൂർ |
| തയ്യാറാക്കിയ വർഷം | : | 2025-26 |

proof1

ആമുഖം

ആശയങ്ങൾ

ലക്ഷ്യങ്ങൾ

പ്രതിസന്ധികൾ - പരിമിതികൾ

അക്കാദമിക പ്രവർത്തനങ്ങൾ

പ്രവർത്തന പദ്ധതിയുടെ വിശദീകരണം

ഉപസംഹാരം

proof 1

## സംക്ഷിപ്ത ചരിത്രം

കൊടുങ്ങല്ലൂർ കോട്ടപ്പുറം പുരാതനകാലത്തെ വളരെ പ്രസിദ്ധിയാർജ്ജിച്ച വലിയ പട്ടണമായിരുന്നു. കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടെ ഭരണകാലത്തിന് മുമ്പ് ചേരമാൻ രാജാക്കന്മാരാണ് കൊടുങ്ങല്ലൂർ കോട്ടപ്പുറം ഭരിച്ചിരുന്നത്. ഇന്നും അതിന്റെ തെളിവായി ചേരമാൻ മൈതാനം കോട്ടപ്പുറത്തിന്റെ ചരിത്രമുറങ്ങുന്ന സ്ഥലമായി നമുക്ക് കാണാവുന്നതാണ്. വ്യാപാരത്തിലും വ്യവഹാരത്തിലും ഒരുമയോടെ ശാന്തമായി ജീവിക്കുന്ന ജനങ്ങളാണ് ഭൂരിഭാഗവും. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും അറിവിലും കോട്ടപ്പുറം ജനത വളരെ പിന്നിലായിരുന്നു ഇക്കാലത്ത് കൂടല്ലൂർക്കാരായ ഒരു മഹാനും മൂന്ന് കന്യകകളും ചേർന്ന് ആശാൻ പള്ളിക്കൂടം എന്ന പേരിൽ ഒരു ഓല ഷെഡ്ഡിൽ സൗജന്യ വിദ്യാഭ്യാസം ആരംഭിച്ചു.

1957– ൽ സെന്റ് ആൻസ് കോൺവെന്റ് മഠാധിപതിയായിരുന്ന ബഹു. മദർ ക്രിസ്തിന കോൺവെന്റിനോട് അനുബന്ധിച്ച് ഒരു യു.പി സ്കൂൾ ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുകയും മദറിന്റെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി യൂപി സ്കൂൾ ആരംഭിക്കുകയും ചെയ്തു. 1957ൽ അഞ്ചാം ക്ലാസ് മാത്രം തുടങ്ങി. 1960ൽ കോൺവെന്റ് സുപ്പീരിയർ ആയിരുന്ന മദർ ഇസിദോർ കോട്ടപ്പുറത്തും സമീപപ്രദേശത്തുമുള്ള പെൺകുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം നൽകണമെന്ന് ആഗ്രഹിക്കുകയും അന്ന് സ്ഥലം എംഎൽഎ ആയിരുന്ന മണപ്പാട്ട് അബ്ദുൽഖാദറിനെ അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെയും മദറിന്റെയും പരിശ്രമ ഫലമായി 1960 മെയ് മാസത്തിൽ ഹൈസ്കൂളിനുള്ള അംഗീകാരം ലഭിച്ചു.

സ്കൂളിന്റെ ആദ്യത്തെ ഹെഡ്മിസ്ട്രസ് എറണാകുളം സ്വദേശിയായിരുന്ന ശ്രീമതി. രാജി സ്റ്റാൻലിയായിരുന്നു. രണ്ടാമത്തെ ഹെഡ്മാസ്റ്റർ ഗവൺമെന്റ് പോസ്റ്റിൽ നിന്നും റിട്ടയർ ചെയ്ത ശ്രീമാൻ പോൾ തോമസ് ആയിരുന്നു 1971ൽ റവ. സിസ്റ്റർ ലൂഡ്സ് ഹെഡ്മിസ്ട്രെസ്സായി അവരോധിക്കപ്പെട്ടു. 1991–ൽ സെന്റ്ആൻസ് ഗേൾസ് ഹൈസ്കൂൾ ആൺകുട്ടികൾക്ക് കൂടി പ്രവേശനം നൽകിക്കൊണ്ട് സെന്റ് ആൻസ് ഹൈസ്കൂൾ ആയി മാറി. 1991–92 കാലയളവിൽ ഒരു ഓപ്പൺ സ്റ്റേജും അതിനെ തുടർന്ന് പുതിയ സ്കൂൾ കെട്ടിടവും പണി കഴിപ്പിക്കപ്പെടുകയുമുണ്ടായി.

2006 ഒക്ടോബർ 19-30 തീയതിയാണ് സുവർണ്ണ ജൂബിലി ആഘോഷിച്ചത്. പഠനരംഗത്ത് മാത്രമല്ല കലാകായിക രംഗങ്ങളിലും സെന്റ്ആൻസ് ഹൈസ്കൂൾ വർഷങ്ങളായി ഉന്നത വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചു കൊണ്ട് പ്രശോഭിക്കുകയാണ്. 2010-ൽ സെന്റ് ആൻസ് ഹൈസ്കൂൾ ഒരു ഹയർസെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ടു സയൻസ്, ഹ്യൂമാനിറ്റിസ് വിഷയങ്ങളിലായി ഓരോ വർഷവും 240 കുട്ടികൾ ഈ ഹയർസെക്കൻഡറി വിഭാഗത്തിൽ പഠനം നടത്തുന്നു.

യുപി, ഹൈസ്കൂൾ തലങ്ങളിലായി 50 അധ്യാപകരും 5 അനധ്യാപകരും ജോലി ചെയ്യുന്നു. 5 മുതൽ 7 വരെ 17 ഡിവിഷനുകളും 8 മുതൽ 10 വരെ 19 ഡിവിഷനുകളുമുണ്ട് ആകെ 1259 വിദ്യാർഥികൾ ഇവിടെ അധ്യയനം നടത്തുന്നു.

വർഷംതോറും എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കി. എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് കിട്ടുന്നവരുടെ എണ്ണം വർദ്ധിച്ചു. യൂ എസ് എസ് പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കി. പഠന-പാഠ്യേതര വിഷയങ്ങളിൽ സംസ്ഥാനതലത്തിൽ വിദ്യാർത്ഥികൾ ജില്ലയെ പ്രതിനിധീകരിച്ച് മത്സരിച്ചു. പി.എൻ ഫൗണ്ടേഷൻ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ രണ്ട് വർഷം തുടർച്ചയായി സംസ്ഥാനതലത്തിൽ വിദ്യാർഥികൾ പങ്കെടുത്തു. കലാകായിക വിഭാഗങ്ങളിൽ സംസ്ഥാനതല മത്സരങ്ങളിൽ സമ്മാനം നേടി. ടേബിൾ ടെന്നി സിൽ 8 മെഡൽ നേടി. ക്രിക്കറ്റിൽ സ്റ്റേറ്റ് സെലക്ഷൻ കിട്ടി. സ്വിമ്മിംഗ്, സ്കേറ്റിംഗ് എന്നിവയിൽ സമ്മാനം ലഭിച്ചു. കളരിയിൽ നാഷ്ണൽ ലെവലിൽ സമ്മാനം നേടി.

YIP 5.0 ലെ സ്റ്റേറ്റ് ലെവൽ വിന്നേഴ്സ് ആയി അഭിനവ് ലൈജു, ആകാശ്, നെയ്തൻ എന്നീ വിദ്യാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു. ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയെ പ്രതിനിധീകരിച്ച് രാജ്യ പുരസ്ക്കാർ അവാർഡ് ഗവർണറിൽ നിന്നും സ്വീകരിക്കാൻ പത്താം ക്ലാസ് വിദ്യാർത്ഥിയായ സെറിൻ അനീഷ് നിയോഗിക്കപ്പെട്ടു.

# ആശയങ്ങൾ

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ സാഹചര്യങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കുക.

- കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും ഇടയാക്കുന്ന അവസ്ഥയെ അതിജീവിക്കാനുള്ള പരിശീലനവും കൈത്താങ്ങും നൽകുക.

- കാലാനുസൃതമായ പരിവർത്തനത്തിലൂടെ വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള വിടവ് നികത്തുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അവരുടെ അഭിരുചിക്കിണങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

- ഓഡിറ്റോറിയം നിർമിക്കുക.

## ലക്ഷ്യങ്ങൾ

- മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും ചതുഷ്ക്രിയകൾ ചെയ്യാനും പ്രാപ്തരാക്കുക.
- പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുക.
- ഉന്നതമൂല്യങ്ങളും മനോഭാവങ്ങളും പുലർത്തുന്ന നല്ല വ്യക്തികളായി കുട്ടികളെ രൂപപ്പെടുത്തുക.
- പരാജയങ്ങളിലും പ്രതിസന്ധികളിലും തളരാതെ ജീവിതം പടുത്തുയർത്താൻ കുട്ടികളെ പ്രാപ്തരാക്കുക.
- ലക്ഷ്യബോധമുള്ള തലമുറയെ വാർത്തെടുക്കുക.
- സാമൂഹിക തിന്മകളിൽ അകപ്പെടാതെ ജീവിക്കാൻ പരിശിലിപ്പിക്കുക.
- കലാകായിക മേഖലകളിൽ കുട്ടികളുടെ അഭിരുചി കണ്ടെത്തി പ്രതിഭകളെ വാർത്തെടുക്കുക.
- അധ്യാപകർ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.

## പ്രതിസന്ധികൾ - പരിമിതികൾ

- പഠനത്തിൽ കുട്ടികൾക്ക് താല്പര്യക്കുറവ് .
- നവമാധ്യമങ്ങളുടെ അമിതമായ സ്വാധീനം.
- ശിക്ഷണത്തിന്റെ പരിമിതികൾ.
- വിദ്യാർത്ഥികളിലെ അലസ മനോഭാവം .
- വിദ്യാർത്ഥികളുടെ നിഷേധാത്മക പെരുമാറ്റം.

proof1

## അക്കാദമിക പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പോഷണ പരിപാടി
- സയൻസ് ലാബ് നവീകരിക്കൽ
- ക്ലാസ് മുറികളിലെ സാങ്കേതിക ഉപകരണങ്ങളുടെ കുറവ് പരിഹരിക്കൽ, പ്രൊജക്റ്റർ സെറ്റ് ചെയ്യൽ
- മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം
- അസംബ്ലി ഗ്രൗണ്ട് മേൽക്കൂര നിർമ്മാണം
- സോളാർ സ്ഥാപിക്കൽ
- പൊതിച്ചോറ് വിതരണം എല്ലാ മാസാദ്യ വ്യാഴം.
- ലഹരി നിർമാർജന ബോധവൽക്കരണ ക്ലാസുകൾ
- മോട്ടിവേഷൻ ക്ലാസുകൾ; കൗൺസിലിംഗ്
- സ്പോർട്സ്– കോച്ചിംഗ്
- സ്കൂൾ ബാന്റ്
- പച്ചക്കറിത്തോട്ടം

# 1. പ്രവർത്തന പദ്ധതിയുടെ വിശദീകരണം

| മേഖല – ഹൈസ്കൂൾ – മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതീകം** | **ചുമതല** |
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം–അടിക്കുറിപ്പ്<br>9. ചിത്രം–കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ–വായന | 6 മാസം, | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

**മേഖല – ഹൈസ്കൂൾ – മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്റ്റ്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ–സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം, | ലൈബ്രറി, പുസ്തകങ്ങൾ, ചിത്രങ്ങൾ പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരി ക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ–ഡിസംബർ) | ഓഡിയോ വീഡിയോ | പി.ടി.എ, അധ്യാപകർ |

## 2. അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

**മേഖല – അക്കാദമികം**
**ഉപമേഖല – ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പരിമിതികൾ മനസിലാക്കി പരിഹാര ബോധം | • ഇംഗ്ലീഷ് ഉച്ചാരണം, stress, intonation എന്നിവയ്ക്ക് ഊന്നൽ<br>• നിലവിലെ ഐ.സി.ടി സാധ്യതക്കുള്ളിൽ പാഠഭാഗ വിനിമയം<br>• Grammar സാധ്യത<br>• ഭിന്നശേഷിക്കാർക്ക് TB അനുരൂപണന സാധ്യതകൾ വഴി പഠനം ലളിതമാക്കൽ | ജൂൺ – ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ<br>Resource Teacher | പി.ടി.എ, എസ്. ആർ.ജി ഇംഗ്ലീഷ് അധ്യാപകർ |
| 2) തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതാനുമുള്ള ശേഷി വളർത്തിയെടുക്കൽ | • ഇംഗ്ലീഷിലുള്ള പ്രാവീണ്യം മനസ്സിലാക്കാനുള്ള പരിശോധന, ഡിക്റ്റേഷൻ<br>• സ്കൂൾ കാമ്പസിൽ ഇംഗ്ലീഷിലും ആശയവിനിമയം നടത്തൽ<br>• English Diary ദിവസവും എഴുതുന്നതിനുള്ള ശ്രമം<br>• എല്ലാ ക്ലാസ്സിലും English News Paper സബ്സ്ക്രിപ്ഷൻ<br>• ഇംഗ്ലീഷിലുള്ള വാർത്താവായന<br>• ട്രാൻസ്ക്രിപ്ഷൻ എഴുത്ത്, cursive writing | ജൂൺ വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ | എസ്. ആർ.ജി രക്ഷിതാവ് |
| 3) English Movie Theatre | • English Movie പ്രദർശനം സജീവമാക്കുക.<br>• തുടർന്ന് ചലച്ചിത്രാസ്വാദനം, discussion, debate മുതലായവ<br>• ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | 2 മാസം | ഇംഗ്ലീഷ് അധ്യാപകർ<br>English Club | എസ്. ആർ.ജി |
| 4) English Radio Club | • English Club ന്റെ നേതൃത്വത്തിൽ ഉച്ചയിടവേളയിൽ വിവിധ പരിപാടി അവതരിപ്പിക്കുന്നു.<br>• ഓരോ ക്ലാസിനും മാറിമാറി അവതരണത്തിന് അവസരം | പ്രതിമാസം | HM<br>English Club | |
| 5) ഇംഗ്ലീഷ് അസംബ്ലി | • അസംബ്ലി നടപടികൾ എല്ലാം ഇംഗ്ലീഷിൽ (പ്രാർത്ഥന, പ്രതിജ്ഞ, ആമുഖ പ്രസംഗം,) Thought for the day<br>• ഓരോ ക്സാസ്സിലും ആസൂത്രണവും പരിശീലനവും | | ക്ലാസ് തല<br>English Club | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| 6) സർഗ്ഗശേഷി വികസനം<br>English Club | • Oratory Club ന്റെ പ്രസംഗ പരിശീലനം (ആഴ്ചയിലൊരിക്കൽ)<br>• കേരള സ്കൂൾ കലോത്സവത്തിലെ ഇംഗ്ലീഷ് ഇനങ്ങൾക്ക് പരിശീലനം<br>• പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ (ഉദാ:– Skit, Drama, Roleplay, Choral reading, Choral play)<br>• ഇംഗ്ലീഷ് പതിപ്പ് നിർമ്മാണം (മാസത്തിലൊരിക്കൽ ഒരു പ്രത്യേക വിഷയം കേന്ദ്രീകരിച്ച്)<br>• One hour Magazine spot reading, language games, caption writing etc. | പ്രതി മാസം | Oratory Club, English Club | |
| 7) English Library | • ക്ലാസ് തലത്തിൽ ഇംഗ്ലീഷ് പുസ്തകങ്ങളാൽ സമ്പന്നമായ ലൈബ്രറി<br>• പുസ്തകങ്ങൾ തരംതിരിക്കൽ, വിതരണം | ആദ്യ ടേമിൽ | ഇംഗ്ലീഷ് അധ്യാപകർ, ലൈബ്രേറിയൻ | |
| 8) Schout website | • സൈറ്റിലേക്ക് ആവശ്യമായ ഇംഗ്ലീഷ് വിഭവങ്ങൾ തയ്യാറാക്കലും എഡിറ്റ് ചെയ്ത് പോസ്റ്റ് ചെയ്യലും | 5മാസം | SITC, JSITC English Club | |
| 9) ICT സാധ്യതകൾ ലോകഭാഷയായ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കവിത കേൾപ്പിക്കൽ, വീഡിയോ പ്രദർശനം, കൊളാഷ് നിർമ്മാണം, കത്ത് തയ്യാറാക്കൽ, ചോദ്യമാതൃക ഡി.ടി.പി ചെയ്യൽ, Net Browsing and surfing മുതലായവ. | വർഷം മുഴുവനും | ഇംഗ്ലീഷ് അധ്യാപകർ, SITC, JSITC | PTA |

proof1

# 3. അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

**മേഖല – അക്കാദമികം**
**ഉപമേഖല – ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) ദേശീയഭാഷ എന്ന നിലയിൽ ഹിന്ദി ഒഴുക്കോടെയും ഉച്ചാരണശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക | • വായനയിലെ പരിമിതി മനസ്സിലാക്കാനുള്ള ശ്രമം<br>• വായനയ്ക്കുള്ള കാർഡുകൾ<br>• അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ<br>• മാസത്തിലൊരിക്കൽ ഹിന്ദിയിൽ പ്രത്യേകം അസംബ്ലി, | 3 മാസം | ഭാഷാ അധ്യാപകർ<br>SSC<br>ലൈബ്രറേറിയൻ | PTA |
| 2) ഹിന്ദി ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | • ദിനം പ്രതി പുതിയ ഒരു ഹിന്ദി വാക്ക്<br>• വായനാകാർഡ് നിർമാണം<br>• ചുമർ പത്രിക ഒരുക്കൽ<br>• ഹിന്ദി കൈയ്യെഴുത്ത് പതിപ്പ് | ഒരു വർഷം | ഭാഷാ അധ്യാപകർ | |
| 3) ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്ന തരത്തിൽ സർഗ വൈഭവങ്ങൾ പോഷിപ്പിക്കൽ | • അവതരണത്തിനും ആസ്വാദനത്തിനുമുള്ള ക്ലാസ് സമാജം<br>• ഉൽപന്നം, പോർട്ഫോളിയോ പ്രദർശനത്തിന് ഹിന്ദി കോർണർ | | ആർട്ട്, മ്യൂസിക് അധ്യാപകർ | PTA |
| 4) ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താൽപര്യം വർധിപ്പിക്കൽ | • ഹിന്ദി സാഹിത്യപ്രതിഭകളെ പരിചയപ്പെടുത്തൽ<br>• ഹിന്ദി ക്ലബ്ബിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ<br>• സ്വാതന്ത്ര്യ ദിന – റിപ്പബ്ലിക് ദിന സന്ദേശങ്ങളും ഗാനങ്ങളും ഹിന്ദിയിൽ | ഹിന്ദി ക്ലബ്ബ് | ഭാഷാ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5) കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ | • വിവിധ മത്സരങ്ങൾ<br>• ആഴ്ചയിലൊരിക്കൽ ഹിന്ദി പ്രശ്നോത്തരി | യഥാസമയം | ആർട്ട്, മ്യൂസിക് അധ്യാപകർ | PTA |
| 6) ഹിന്ദി ഭാഷാ പഠനത്തിന് ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | • ഹിന്ദി പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ | വർഷം മുഴുവൻ | ഭാഷാ അധ്യാപകർ<br>SITC<br>JSITC | |
| 7) ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരി ക്കപ്പെട്ടവരെ മുഖ്യധാരയിലെത്തിക്കുക | • എക്സ്ട്രാ ആക്ടിവിറ്റീസ്<br>• കൈത്താങ്ങ്, ഗൃഹ സന്ദർശനം | യഥാസമയം | മുഴുവൻ അധ്യാപകർ | ARG, PTA |

# 4. അക്കാദമിക മാസ്റ്റർ പ്ലാൻ – സയൻസ്

**മേഖല – ഹൈസ്കൂൾ – സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1) അത്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | • ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.<br>• പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം.<br>• ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | PTA |
| 2) ശാസ്ത്ര ലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | • ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ച പ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു.<br>• ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം 1 തവണ<br>അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | PTA<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് |
| 3) ഹൈടെക് വേൾഡ്: മാനവികതയിൽ ഊന്നി യുള്ള ശാസ്ത്ര ബോധം വളർത്തുക. | • ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>• സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | PTA<br>PTA |
| 4) വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണ തൃഷ്ണ വർദ്ധി പ്പിക്കൽ, നേരറിവ് നേടൽ | • പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്ത ലുകളും പരിചയപ്പെടുന്നു.<br>• സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>• ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ മാനേജ്മെന്റ് |

# 5. അക്കാദമിക മാസ്റ്റർ പ്ലാൻ – മാനവിക വിഷയങ്ങൾ

**മേഖല – അക്കാദമികം**

**ഉപമേഖല സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക. | • ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>• ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായ ശേഖരണം, സെമിനാർ മുതലായവ)<br>• പ്രശ്നബാധിതരുമായി അഭിമുഖം, വിദഗ് ധരുമായുള്ള പാരസ്പര്യം | ദീർഘ കാലം | അധ്യാപകർ രക്ഷിതാക്കൾ | PTA പൂർവ്വ വിദ്യാർത്ഥി കൾ, നഗര സഭ |
| 2. ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക. | • SS Club പ്രവർത്തനങ്ങൾ<br>• ക്ലാസ്തല – സ്കൂൾതല തെരഞ്ഞെടുപ്പ്<br>• സവിശേഷ വിഷയങ്ങളിൽ ആശയ സംവാദങ്ങൾ | യഥാ സമയങ്ങ ളിൽ | അധ്യാപകർ ഡിബേറ്റ് ക്ലബ്ബ് | |
| 3. വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണെന്ന് തിരിച്ചറിയുകയും തദനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക | • മാലിന്യ നിർമാർജന(സ്വഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ<br>• പ്രാദേശിക സർവ്വേ<br>• പതിപ്പുകൾ, ചുമർ പത്രികകൾ | വർഷം മുഴുവനും<br>അക്കാദമിക വർഷം | SS ക്ലബ്ബ് | |
| 4. പ്രാദേശികതലം മുതൽ ജനജീവിത ത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്തത് വിലയിരുത്താനുള്ള കഴിവ് നേടൽ | • പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br>• ചരിത്ര സംഭവങ്ങളുടെ Time-line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർ SS ക്ലബ്ബ് | PTA പൂർവ്വ വിദ്യാർത്ഥി കൾ, നഗര സഭ |

| | | | | |
|---|---|---|---|---|
| 5. സാമൂഹ്യ ശാസത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവുകൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹ്യ ശാസത്ര കോർണർ | • അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ, അറ്റ്ലസ്, ഇയർബുക്ക്,<br>• എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ<br>• ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം | വർഷം മുഴുവനും | അധ്യാപകർ<br>SS ക്ലബ്ബ് | |
| 6. ചരിത്രാവബോധമുണ്ടാക്കുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെ ടുത്തുന്നതിനുമായി ഒരു ചരിത്ര പ്രദർശനം | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ, രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു–പൈതൃക വസ്തുക്കളും പുരാരേഖകളും പ്രദർശിപ്പിക്കൽ | ഹ്രസ്വകാലം | അധ്യാപകർ<br>SS ക്ലബ്ബ് | PTA<br>പൂർവ്വ വിദ്യാർത്ഥി കൾ |
| 7. സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്രത്തിനു ള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്നു. (വിവിധ തരം ഗ്ലോബ്, ഭൂപഠങ്ങൾ, മാതൃകകൾ, പ്രവർത്തന മാതൃകകൾ, ടെലസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ മുതലായവ) | നാല് മാസം | അധ്യാപകർ<br>SS ക്ലബ്ബ് | |
| 8. ആനുകാലിക വിഷയങ്ങളിലേക്ക് തെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ് | • സമകാലിക പ്രസക്തമായ വിഷയങ്ങളിലൂന്നി ആശയപരമായ സംവാദ ങ്ങൾ, ചർച്ച, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ<br>• പ്രദേശത്തിന്റെ വിവിധ കോർണറുകളിലും ഇത്തരം പരിപാടികൾ | രണ്ട് മാസം | SS ക്ലബ്ബ് | അധ്യാപ കർ<br>സ്കൂളിലെ മറ്റു ക്ലബ്ബ് |
| | | | | |

## 6. അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം

**മേഖല – അക്കാദമികം**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. എല്ലാ കുട്ടികളിലും ഗണിത ശാസ്ത്ര ത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | • പ്രീ–ടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണയം<br>• പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ<br>• തയ്യാറാക്കൽ, ആസൂത്രണം, ആശയ ധാരണകൾ ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ | ഗണിത അധ്യാപകർ | |
| 2. ഗണിത ക്ലാസ് ലൈബ്രറി വിപുലീകരി ക്കൽ | • ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ, ഇനം തിരിച്ച് ക്രമീകരിക്കൽ | ടേം ഒന്ന് | ഗണിത അധ്യാപകർ | PTA, |
| 3. Maths Club സജീവമാക്കൽ | • ഗണിത ക്ലബ് രൂപീകരണോൽഘാടനം<br>• ഗണിത ക്വിസ്, ഗണിത സമസ്യകൾ ബുള്ളറ്റിൻ ബോർഡുകളിൽ<br>• ക്ലാസ് തല – സ്കൂൾതല ഗണിത മാഗസിനുകൾ<br>• ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടാം<br>• ഓരോ കുട്ടിക്കും 'എന്റെ കുസൃതി കണക്കു പുസ്തകം | ജൂൺ<br>ജൂലൈ | ഗണിത അധ്യാപകർ ഗണിത ക്ലബ്ബ് | |
| 4. പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്ക് ബുക്ക് | • വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക്ഷീറ്റുകൾ തയ്യാറാക്കി വർക്ക്ബുക്കായി നൽകുന്നു | രണ്ടാം ടേമിൽ | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 5. മുന്നോക്കക്കാരുടെ ഉന്നമനത്തിന് തുടർപ്രവർത്തനം മെച്ചപ്പെടുത്തൽ | • OMR മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ ഒന്ന് | ഗണിതാധ്യാപകർ | |
| 6. ICT യിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | • ഗണിതത്തിലെ ICT സാധ്യകൾ ( Geogebra, DrGeo മുതലായവ) പ്രയോജനപ്പെടുത്തിയുള്ള പഠനം<br>• 3D ഗണിതരൂപങ്ങളുടെ നിർമിതി | യഥാ സമയങ്ങളിൽ | ഗണിതാധ്യാപകർ | SITC, JSITC |
| 7. ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | • ക്ലാസ്സിൽ ഒരു ചുമരിൽ ഭിന്നസംഖ്യ, ഗണിതാശയങ്ങൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ വരയ്ക്കൽ | 5 മാസം | ഗണിതാധ്യാപകർ<br>ഗണിത ക്ലബ്ബ് | PTA |
| 8. എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | • ഡൈസ് ഗെയിം, പാമ്പും കോണിയും, സംഖ്യാ ചക്രങ്ങൾ, സംഖ്യാമാല തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ തയ്യാറാക്കി ഗ്രൂപ്പടിസ്ഥാനത്തിൽ നിർവഹിക്കൽ | യഥാ സമയങ്ങളിൽ | കുട്ടികൾ | വിഷയ സമിതി |
| 9. എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ | • Number chart, Number cards, അബാക്കസ്, മാന്ത്രിക ചതുരം, Place value Pocket Number Pattern മുലായവയുടെ നിർമാണവും അവ ഉപയോഗിച്ചുള്ള കളികളും | യഥാ സമയങ്ങളിൽ | ഗണിതാധ്യാപകർ | വിഷയ സമിതി |

## 7. അക്കാദമിക മാസ്റ്റർ പ്ലാൻ – കലാകായികാരോഗ്യ– പ്രവൃത്തിപരിചയം

**മേഖല – അക്കാദമികം**

**ഉപമേഖല : കല (ചിത്രം, സംഗീതം)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. ചിത്രകല, സംഗീതകല മുതലായവയുടെ പരിപോഷണം | • സർഗാത്മകത കണ്ടെത്താനുള്ള ശ്രമങ്ങൾ | ജൂൺ ജൂലൈ | മ്യൂസിക് അധ്യാപിക | PTA |
| 2. കേരള സ്കൂൾ കലോത്സവ പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | • തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ | ഒഴിവു ദിനങ്ങൾ | മ്യൂസിക് അധ്യാപിക | PTA, പൂർവ്വ വിദ്യാർത്ഥികൾ |

**മേഖല – അക്കാദമികം**

**ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | • രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ<br>• കായികക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ<br>• പ്രാഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | എല്ലാ ദിവസവും | കായിക അധ്യാപിക | PTA ആരോഗ്യവ കുപ്പ് |
| 2. ആരോഗ്യ കായികോന്നമനത്തിനായി സ്കൂൾ കായിക വേദിയുടെ തനതു പ്രവർത്തനങ്ങൾ | • കായിക വേദിയുടെ നേതൃത്വത്തിൽ ഫുട്ബാൾ പരിശീലനം, നീന്തൽ പരിശീലനം, ബാഡ്മിന്റൺ പരിശീലനം, ലോൺ ടെന്നിസ്, ടേബിൾ ടെന്നിസ്, വോളി ബോൾ, കരാട്ടെ. | യഥാ കാലങ്ങളിൽ | കായികവേദി കൺവീനർ | കായികാധ്യാപകൻ PTA, പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| 3 ഉപജില്ലാ– ജില്ലാ– സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അനുദിന പരിശീലനങ്ങൾ<br>ലഘു ഭക്ഷണം നൽകൽ | എല്ലാദിവസവും | കായികാധ്യാപകൻ | PTA,<br>പൂർവ്വ വിദ്യാർത്ഥികൾ |
| 4. പെൺകുട്ടികളെ ശാക്തീകരിക്കലും ആത്മ വിശ്വാസം വളർത്തലും | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം | ആഴ്ചയിൽ 2 ദിവസം | കായികാധ്യാപകൻ<br>കായികവേദി | പരിശീലകർ<br>PTA |

**മേഖല – അക്കാദമികം**
**ഉപമേഖല : പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 1. ഭാഷാ – മാനവിക– ശാസ്ത്രപഠനത്തോ ടൊപ്പം തൊഴിൽ പരിചയം നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ടാവുക | • ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ<br>• സ്കിൽ (വൈഭവം) കണ്ടെത്താനുള്ള ശ്രമങ്ങൾ<br>• തെരഞ്ഞെടുക്കപ്പെടുന്നവർക്കെല്ലാം സൗജന്യ പരിശീലനം | ജൂൺ, ഒക്ടോബർ | വർക്ക് എക്സ്പീരിയൻസ് അധ്യാപിക | PTA<br>വർക്ക് എക്സ്പീരിയൻസ് അധ്യാപിക |
| 2. സ്കൂൾ ക്രാഫ്റ്റ് മേള | • കുട്ടികൾ നിർമിച്ച കുട, ചോക്ക്, തുന്നൽ–എംബ്രോയിഡറി ഐറ്റം, കൊത്തുപണികൾ, തുണിയുൽപന്നം, അലങ്കാര ഉൽപന്നങ്ങൾ തുടങ്ങിയവ രക്ഷിതാക്കൾക്കും പൊതുജന ങ്ങൾക്കുമായി പ്രദർശിപ്പിക്കൽ | നവംബർ | വർക്ക് എക്സ്പീരിയൻസ് അധ്യാപിക | കലാകായികാധ്യാപകൻ PTA,<br>പൂർവ്വ വിദ്യാർത്ഥികൾ |
| 3. ഉപജില്ലാ– ജില്ലാ– സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കിയെടുക്കൽ | • തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവൃത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ മറ്റു അവധി ദിനങ്ങളിൽ | വർക്ക് എക്സ്പീരിയൻസ് അധ്യാപിക | PTA,<br>പൂർവ്വ വിദ്യാർത്ഥികൾ |

pro

# ഉപസംഹാരം

- പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
- എസ്. ആർ. ജി. യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം- ചർച്ച
- വികസന ആവശ്യങ്ങൾ ക്ലാസ് /വിഷയം അടിസ്ഥാനത്തിൽ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ എസ്.ആർ. ജി, പി.ടി.എ എന്നിവയിൽ അവതരിപ്പിക്കൽ; നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
- നിയോഗിക്കപ്പെട്ട അധ്യാപകരുടെ നേതൃത്വത്തിൽ ക്രോഡീകരണ പദ്ധതി രേഖ തയ്യാറാക്കൽ.

proof 1